# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3941

12 / 12 / 2018-ൽ
മറുപടി നൽകേണ്ടത്

### തിരുവനന്തപുരം - കാസർഗോഡ് ജലപാതയുടെ ഭാഗമായ വടകര - മാഹി കനാൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാറക്കൽ അബ്ദുല്ല | പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) |
| (എ) തിരുവനന്തപുരം - കാസർഗോഡ് ജലപാതയുടെ ഭാഗമായ വടകര - മാഹി കനാലിന്റെ പ്രവൃത്തി ഇപ്പോൾ എത്ര റീച്ചുകളായാണ് നടന്നു വരുന്നത് ; | (എ) വെസ്റ്റ് കോസ്റ്റ് കനാലിന്റെ ഭാഗമായ വടകര - മാഹി കനാലിന്റെ പ്രവൃത്തി 5 റീച്ചുകളായാണ് നടന്നുവരുന്നത്. |
| (ബി) ഓരോ റീച്ചിലെയും പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (ബി) ഒന്നാമത്തെ റീച്ചിൽ (450.080 കി. മീ. മുതൽ 454.080 കി. മീ. വരെ) 16 മീറ്റർ വീതിയിൽ കനാൽ പൂർത്തീകരിച്ചിട്ടുണ്ട്. അരികിലെ ചെരിവ് കൂട്ടി പാർശ്വഭിത്തിയില്ലാതെ ബാക്കി പ്രവൃത്തി പൂർത്തീകരിക്കാനുള്ള എസ്റ്റിമേറ്റ് സർക്കാരിൽ പരിശോധിച്ചു വരുന്നു.<br><br>രണ്ടാമത്തെ റീച്ചിലെ (454.080 കി. മീ. മുതൽ 457.380 കി. മീ. വരെ) പ്രവൃത്തി ഒറിജിനൽ എഗ്രിമെന്റ് പ്രകാരം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>മൂന്നാമത്തെ റീച്ചിലെ (457.380 കി. മീ. മുതൽ 460.620 കി. മീ. വരെ) പ്രവൃത്തി 65 ശതമാനം പൂർത്തീകരിച്ചു.<br><br>നാലാമത്തെ റീച്ചിലെ (460.620 കി. മീ. മുതൽ 464.210 കി. മീ. വരെ) പ്രവൃത്തി 93 ശതമാനം പൂർത്തീകരിച്ചു.<br>അഞ്ചാമത്തെ റീച്ച് (464.210 കി. മീ. മുതൽ 467.690 കി. മീ. വരെ) 25 ശതമാനം പൂർത്തിയാക്കിയശേഷം സാങ്കേതിക പ്രശ്നങ്ങളാൽ ഫോർക്ലോസ് ചെയ്തു. അരികിലെ ചെരിവ് കൂട്ടി പാർശ്വഭിത്തിയില്ലാതെ ബാക്കി പ്രവൃത്തി പൂർത്തീകരിക്കാനുള്ള എസ്റ്റിമേറ്റ് സർക്കാരിൽ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | കനാൽ നിർമ്മാണത്തിന്റെ ഭാഗമായി കുഴിച്ചെടുത്ത മണ്ണ് വഴിയോരങ്ങളിലും വീടുകൾക്കു മുന്നിലും കൂട്ടിയിട്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇത് സ്ഥലവാസികൾക്ക് സൃഷ്ടിച്ചു കൊണ്ടിരിക്കുന്ന കടുത്ത പ്രയാസങ്ങൾ പരിശോധിക്കുകയുണ്ടായോ ; | (ഡി) | പരിശോധിച്ചിട്ടുണ്ട്. |
| (ഇ) | ഈ മണ്ണ് അവിടെനിന്നും നീക്കം ചെയ്യാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ ഈ മണ്ണ് നിക്ഷേപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ : | (ഇ) & (എഫ്) | ഈ പ്രവൃത്തിയുടെ കരാർപ്രകാരം കുഴിച്ചെടുക്കുന്ന മണ്ണ് കോൺട്രാക്ടർമാർ സ്വന്തം ഉത്തരവാദിത്വത്തിൽ നീക്കം ചെയ്യേണ്ടതായിട്ടാണ് കരാർ വ്യവസ്ഥ ചെയ്തിട്ടുള്ളത്. കുറെയധികം മണ്ണ് ഇപ്രകാരം നീക്കം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള മണ്ണ് നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മണ്ണ് നിക്ഷേപിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കാൻ റവന്യൂ അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| എഫ്) | ഇല്ലെങ്കിൽ സ്ഥലം കണ്ടെത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | | |
| (ജി) | ഈ കനാലിന്റെ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാനാവുമെന്നാണ് കരുതുന്നത് ? | (ജി) | കനാലിന്റെ പ്രവൃത്തി 2019 അവസാനത്തോടെ പൂർത്തിയാക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

(signature)

**സെക്ഷൻ ഓഫീസർ**